കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പൂതക്കുളം ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർചെയ്ത കൈപ്പറ്റുചീട്ടുസഹിതം)

നം.കെ.എസ്.എ-കെ.എൽ.എം-പി-5 /1734/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
തീയതി -28/10/2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പൂതക്കുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :പൂതക്കുളം ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾപ്രകാരം പൂതക്കുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്തഖണ്ഡികകളുടെ പകർപ്പുസഹിതം വിവരം

ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1),(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.

3)കാര്യാലയ പകർപ്പ്.

നം കെ.എസ്.എ.കെ.എൽ.എം.പി-5/1734/2016 തീയതി:28/10/2017

## കൊല്ലം ജില്ലയിലെ പൂതക്കുളം ഗ്രാമപഞ്ചായത്തിന്റെ

## 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പൂതക്കുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 15-02-16 മുതൽ 10-09-17 തിയ്യതിവരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.
ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനംനൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ബിനുകുമാർ ജി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11.09.17മുതൽ 20.09.17വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.നവീൻ ചന്ദ്രൻ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. മനു.കെ.നായർ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.അനു.കെ.ആനന്ദ് | ഓഡിറ്റർ |
| | ശ്രീമതി.സുലേഖ.എ.എസ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എം.കെ.ശ്രീകുമാർ | 01.04.16മുതൽ 31.03.17 വരെ |
| സെക്രട്ടറി | ശ്രീമതി.ഒ.മീനാകുമാരിയമ്മ | 01.04.16മുതൽ 31.03.17 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.സെക്രട്ടറി | ശ്രീമതി.ഗായത്രി.എസ്.വി | 01.04.16മുതൽ 31.03.17 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.പ്രീതി ആർ | 01.04.16മുതൽ 31.03.17 വരെ |
| വെറ്റിനറി സർജൻ | ഡോ.അലോഷ്യസ് പി | 01.04.16മുതൽ 31.03.17 വരെ |
| മെഡിക്കൽഓഫീസർ ഹോമിയോ | ഡോ.മായ ടി ആർ | 01.04.16മുതൽ 31.03.17 വരെ |

| | | |
|---|---|---|
| വി.ഇ.ഒ | ശ്രീമതി.മഞ്ചു എ | 01.04.16മുതൽ 31.03.17 വരെ |
| | ശ്രീമതി.സന്ധ്യ എ എസ്. | 01.04.16മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ. സൗമ്യ ജി എ. | 01.04.16മുതൽ 31.03.17 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ശ്രീലത എസ്സ്. | 01.04.16മുതൽ 31.03.17 വരെ |
| ഹെഡ്മിസ്ട്രസ്സ് | ശ്രീമതി.ഷീല എൽ കെ. | 01.04.16മുതൽ 31.03.17 വരെ |
| അസി.എഞ്ചിനീയർ | ശ്രീ.അരുൺ എം. | 01.04.16മുതൽ 10.07.16 വരെ |
| | ശ്രീമതി.സ്മിത ബി എസ്സ്. | 11.07.16മുതൽ 13.01.17 വരെ |
| | ശ്രീ.ചന്ദ്ര ബാബു എസ്സ്. | 16.01.17മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി. | ഡോ.സാഹിനി എം സോമൻ | 01.04.16മുതൽ 31.03.17 വരെ |
| ഡയറിഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ഷൈലജ.ദേവി.എം കെ | 01.04.16മുതൽ 31.03.17 വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തികവിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| | ഭാഗം 2 | |
| 11 | കരാറുകാരിൽനിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല | 2-1 |
| 12 | തൊഴിൽനികുതി അപാകതകൾ | 2-2 |
| 13 | വസ്തുനികുതി ഈടാക്കിയതിൽ കുറവ് | 2-3 |
| 14 | ഇ- ടെണ്ടർ മുഖേനയുള്ള മരാമത്ത്പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില ,വാറ്റ് തുക , ഗ്രാമപഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല | 2-4 |

| | | |
|---|---|---|
| | ഭാഗം 3 | |
| 15 | ആസ്തിരജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിയ്ക്കുന്നില്ല –M-Asset മൊബൈൽ ആപ്ലിക്കേഷനിലേയ്ക്കുള്ള ആസ്തി വിവരങ്ങൾ ശേഖരിക്കുന്നതിന് നടപടികൾ ആരംഭിച്ചില്ല | 3-1 |
| 16 | മരുന്നുകൾ പൂർണ്ണമായി ലഭ്യമാക്കിയിട്ടില്ല | 3-2 |
| 17 | പൊതുടാപ്പുകളുടെ വെള്ളക്കരം - സംയുക്തപരിശോധന നടത്തിയിട്ടില്ല. | 3-3 |
| 18 | ഫണ്ടുകളുടെ വിനിയോഗത്തിൽ വീഴ്ച -1,25,50306/-രൂപ ചെലവഴിക്കപ്പെട്ടിട്ടില്ല. | 3-4 |
| 19 | പട്ടികജാതി വിദ്യാർത്ഥികൾക്കുവേണ്ടി വാങ്ങിയ മേശയ്ക്കും,കസേരയ്ക്കും അധികം തുക നൽകിയത് നിരാകരിക്കുന്നു. | 3-5 |
| 20 | ഷീ–പാഡ് പ്രോജക്ട് പ്രവർത്തനം തുടങ്ങിയില്ല. | 3-6 |
| 21 | വിനിയോഗസാക്ഷ്യപത്രം ഇല്ല -23,83,088/-രൂപ തടസത്തിൽ വയ്ക്കുന്നു. | 3-7 |
| 22 | ഭൂമിവാങ്ങി നൽകൽ പ്രോജെക്ടുകളിൽ ബാധ്യതരഹിത സർട്ടിഫിക്കറ്റുകൾ വാങ്ങിയില്ല. | 3-8 |
| 23 | മരാമത്തുപ്രവൃത്തിയുടെ അന്തിമബില്ലിൽനിന്നും ടാർ ബാരലിന്റെ വില കുറവായി ഈടാക്കി –നഷ്ടം 1,090 /-രൂപ | 3-9 |

| | | |
|---|---|---|
| 24 | നിർമ്മൽ ഭാരത്അഭിയാൻ അക്കൗണ്ടിൽ തുക അവശേഷിയ്ക്കുന്നു-ഓ.ഡി.എഫ്.പദ്ധതി പൂർത്തീകരിച്ചിട്ടില്ല. | 3-10 |
| 25 | ജൈവവളം വാങ്ങിയതിന്റെ ബില്ലുകളില്ല- തുക തടസ്സപ്പെടുത്തുന്നു | 3-11 |
| 26 | ബാസ്കറ്റ്ബാൾ കോർട്ട് നിർമ്മാണം-ആവശ്യമായ ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയില്ല- നിലവിൽ അസംബ്ലി മൈതാനം | 3-12 |
| 27 | ഗുണഭോക്തൃവിഹിതം പിരിച്ചെടുത്ത കുപ്പണകളുടെ കൗണ്ടർഫോയിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല | 3-13 |
| 28 | ദേശീയ തൊഴിലുറപ്പ് പദ്ധതി | 3-14 |
| 29 | പാലിയേറ്റീവ് കെയർ പ്രോജക്ട് –പ്രവർത്തനം കാര്യക്ഷമമല്ല | 3-15 |
| 30 | പുറമ്പോക്കുരജിസ്റ്റർ സൂക്ഷിക്കുന്നില്ല | 3-16 |
| | ഭാഗം 4 | |
| 31 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 32 | ഡെപ്പോസിറ്റ് വർക്കിനുനൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-3 |
| 34 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 35 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 36 | ഓഡിറ്റ് റിക്കവറി | 4-6 |

| | | |
|---|---|---|
| 37 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 40 | ഓഡിറ്റ് സാക്ഷ്യപത്രം | 4-10 |
| 41 | അനുബന്ധം 1 | 4-11 |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 03.03.16 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷികധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി

സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.17 | 23.07.17 | ഇല്ല. | ഇല്ല. |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 19-07-2017 | കെ.എസ്.എ.കെ.എൽ.എം.പി-5/1734/2017 തീ.28/10/2017 |

വാർഷിക ധനകാര്യപത്രികയിലെ ന്യൂനതകൾ

1.ആസ്തിരജിസ്റ്റർ കാലികമായി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിൽ B 11 ൽ പറയുന്ന തുകയുടെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല..

2.ബജറ്റ് ഫംഗ്ഷൻ - ഫംഗ്ഷനറി അടിസ്ഥാനത്തിൽ തയ്യാറാക്കി സാംഖ്യ വരവ് ചെലവുകളുമായി തുലനം ചെയ്യാവുന്ന വിധത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

3.B-18 ഷെഡ്യൂളിൽ Advance to Implementing Agencies ഹെഡിൽ 2014-15 വർഷം മുതൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്ന തുക ഇപ്പോഴും നിലനിൽക്കുന്നു. ( കേരള വാട്ടർ അതോറിറ്റി - 9,10,100/- , കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് - 1,07,090/- ). ടി തുകകൾ ക്രമീകരിച്ചിട്ടില്ല.

4.ഡെപ്പോസിറ്റ്‌വർക്കുകളുടെ ചെലവ് വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.(കേരള വാട്ടർ അതോറിറ്റി:- പദ്ധതി നം. S 109/16 - 8,00,000/- , പദ്ധതി നം. S 138/17 - 2,00,000/- )

5.വി.ഇ.ഒ നടപ്പിലാക്കിയ കക്കൂസ്നിർമ്മാണം ജനറൽ പദ്ധതിയുടെ (59/17) സംസ്ഥാന ആവിഷ്കൃതഫണ്ട് 2,88,000/-രൂപയുടെ ചെലവ് സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

6.പഞ്ചായത്ത് ജീവനക്കാരുടെ തൊഴിൽനികുതി വരവ് ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും റസീപ്റ്റ് ആന്റ് പേമെന്റ് അക്കൗണ്ടിന്റെ RP1 -ൽ വരവ് വന്നിട്ടില്ല. (ജീവനക്കാരുടെ തൊഴിൽനികുതി പഞ്ചായത്തുഫണ്ടിൽനിന്നും ജേണൽ എൻട്രി നടത്തി തൊഴിൽനികുതി ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.)

## 1-4 സാമ്പത്തികവിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,80,72,226 |
| വരവ് | 5,59,73,049 |
| ആകെ | 7,40,45,275 |
| ചെലവ് | 5,17,72,164 |
| നീക്കിയിരിപ്പ് | 2,22,73,111 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 99,58,178 | 99,58,178 | 99,58,178 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 0 | 79,54,747 | 79,54,747 | 79,54,747 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 100,851 | 1,00,851 | 1,00,851 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 4,43,2032 | 44,32,032 | 44,32,032 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 0 | 33,67,485 | 33,67,485 | 33,67,485 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 51,32,718 | 51,32,718 | 51,32,718 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 1,12,790 | 1,12,790 | 1,12,790 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| എം.എൻ.ആർ. ഇ.ജി.എസ്. | 2,562 | 8.78,247 | 8,80,809 | 8,79,598 | 1,211 | 99.8 |
| ബി ഫണ്ട് | 0 | 43,854,802 | 43,854,802 | 43,854,802 | 0 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 123 | 5,92,72,018 | 78 | 3,34,44,206 | 41 | 4 | 63.4 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെപ്പറയുംപ്രകാരം 10.07 ശതമാനം കുറവുണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 40,33,917 | 50,32,721 | 9,98,804 | (+)24.76 |
| നികുതിയേതര വരവുകൾ | 16,78,548 | 13,51,953 | 3,26,595 | (-)19.45 |
| മറ്റുവരവുകൾ | 1,22,27,492 | 97,49,336 | 24,78,156 | (-)20.27 |
| ആകെ | 1,79,39,957 | 1,61,34,010 | 18,05,947 | (-)10.07 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 6,03,240 | 333 |
| കർഷകതൊഴിലാളി പെൻഷൻ | 25,27,520 | 311 |
| വിധവാപെൻഷൻ | 1,8391,470 | 1702 |
| വാർദ്ധക്യകാലപെൻഷൻ | 1,74,74,640 | 1513 |
| വികലാംഗപെൻഷൻ | 43,07,545 | 386 |
| 50 വയസിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2,52,260 | 26 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 2,40,000 | 8 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14-09-2017-ന് സ്ഥാപനതലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7,818/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

തനതുവരുമാനത്തിലെ കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ ഊർജിതമാക്കേണ്ടതാണ്. ആസ്തിരജിസ്റ്റർ, പുറമ്പോക്കുരജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. ആസ്തി സൃഷ്ടിക്കുന്നതിന് ഉതകുന്ന പ്രവർത്തികൾ തൊഴിലുറപ്പുവിഭാഗം ഏറ്റെടുത്ത് നിർവ്വഹിക്കേണ്ടതാണ്. പദ്ധതിനിർവ്വഹണത്തിലെ പിഴവുമൂലം ഗ്രാമപഞ്ചായത്തിന് തൻവർഷം 1.25 കോടി രൂപ നഷ്ടപ്പെട്ടു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് | 17.08.17 മുതൽ | 07/2017 | ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| ഓഡിറ്റ് | 18.08.17 വരെ | | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09.04.17 മുതൽ 18.04.17 വരെ | 2012-13 മുതൽ 2016-17 വരെ | 31.05.17 |

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 കരാറുകാരിൽനിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

2016-17 സാമ്പത്തികവർഷത്തിൽ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്തുനടത്തിയ കരാറുകാരിൽനിന്ന് തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ശ്രീ.സുരേന്ദ്രൻ, പുലരി, കലയ്ക്കോട്
2. ശ്രീ.ബാബു.കെ, പെരുന്തൊടി, കോട്ടുവൻകോണം, കുനയിൽ
3. ശ്രീ.സുഗതൻ.ജെ, കന്നിമേൽവിളവീട്, പോളച്ചിറ
4. ശ്രീ.രാജീവ്.കെ.ആർ, മേവറക്കോണം, കല്ലുവാതുക്കൽ

ഈ വിഷയം സംബന്ധിച്ച് ഓഡിറ്റന്വേഷണം നൽകിയതിന് (നം.13/19-09-17), ശ്രീ.സുരേന്ദ്രൻ, ശ്രീ.രാജീവ്.കെ.ആർ എന്നിവർ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലും ശ്രീ.ബാബു.കെ പരവൂർ നഗരസഭയിലും 2016-17-ൽ തൊഴിൽനികുതി ഒടുക്കിയിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്.

മേൽ സൂചിപ്പിച്ച കരാറുകാർ തൊഴിൽനികുതി ഒടുക്കിയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

### 2-2 തൊഴിൽനികുതി അപാകതകൾ

1. പഞ്ചായത്തുപരിധിയിൽ പ്രവർത്തിക്കുന്ന ഹരിശ്രീ നഴ്സറി & പ്രൈമറി സ്കൂൾ, കുനംകുളം എന്ന സ്ഥാപനത്തിൽനിന്ന് രണ്ട് അർദ്ധവർഷത്തെയും സ്ഥാപനനികുതിയും ജീവനക്കാരുടെ തൊഴിൽനികുതിയും ഈടാക്കിയിട്ടില്ല. ഈ

വിഷയം സംബന്ധിച്ച് ഓഡിറ്റന്വേഷണം നൽകിയതിനെത്തുടർന്ന് (നം.1/16-17/ 14-09-17) രണ്ട് അർദ്ധവർഷത്തെയും സ്ഥാപനനികുതിയും ജീവനക്കാരുടെ തൊഴിൽനികുതിയും പിഴപ്പലിശ സഹിതം 3,825/- രൂപ 16-09-17ലെ 11702102252ാം നമ്പർ രസീതിൻപ്രകാരം ഒടുക്കുവരുത്തിയിട്ടുണ്ട്.

2. ഡി&ഒ ലൈസൻസ് രേഖകൾപ്രകാരം ലൈസൻസ് നൽകിയിട്ടുള്ള എം.ജി എന്റർപ്രൈസസ്, കുന്നംകുളം എന്ന സ്ഥാപനത്തിലെ ജീവനക്കാരെ തൊഴിൽനികുതി കണക്കാക്കുന്നതിന് പരിഗണിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം (അപേക്ഷയിൽ സമർപ്പിച്ചിട്ടുള്ളത് പ്രകാരം) |
|---|---|---|
| 1 | എം ജി എന്റർപ്രൈസസ്, കുന്നംകുളം | 125 |

ഈ വിഷയം സംബന്ധിച്ച് ഓഡിറ്റന്വേഷണം നൽകിയതിനെത്തുടർന്ന് (നം.10/18-09-17) ടി സ്ഥാപനത്തിലെ ജീവനക്കാരനായ ശ്രീ.പ്രസേനൻ എന്നയാളുടെ തൊഴിൽനികുതി പിഴപ്പലിശ സഹിതം 393/- രൂപ 20-09-17ലെ 11702102330-ാം നമ്പർ രസീതിൻപ്രകാരം ഒടുക്കുവരുത്തിയിട്ടുണ്ട്. ലൈസൻസ് അനുവദിക്കുന്ന വേളയിൽതന്നെ ഇപ്രകാരം പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളിലെയും നികുതിദായകരായ ജീവനക്കാരുടെ എണ്ണം കൂടി ശേഖരിക്കേണ്ടതും അതനുസരിച്ച് തൊഴിൽനികുതി പിരിക്കേണ്ടതുമാണ്.

## 2-3 <u>വസ്തുനികുതി ഈടാക്കിയതിൽ കുറവ്</u>

പഞ്ചായത്തിലെ 3-ാം വാർഡിൽ ശ്രീമതി.രാഖി, ഗ്രീഷ്മം, പൂതക്കുളം എന്നയാളുടെ ഉടമസ്ഥതയിലുള്ള 155.82 ച.മീറ്റർ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് (III/846-ാംനമ്പർ), 2016-17 സാമ്പത്തികവർഷത്തിൽ വസ്തുനികുതിയിനത്തിൽ 71.80 ച.മീറ്ററിനുള്ള തുകമാത്രമാണ് ഈടാക്കിയിട്ടുള്ളത്. കെട്ടിട ഉടമ സമർപ്പിച്ച കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണം ചുവടെ ചേർക്കുന്നു.

Cellar – 71.80 $m^2$

Ground floor - 71.80 $m^2$

Stair Room – 12.22 $m^2$

71.80 ച.മീറ്റർ cellar area പാർക്കിംഗിനായി മാത്രമാണ് ഉപയോഗിക്കുന്നതെന്ന

സത്യവാങ്മൂലം സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ മേപ്പടിഭാഗം നികുതിയിൽനിന്നും ഒഴിവാക്കിയിരിക്കുന്നതായി കാണുന്നു. എന്നാൽ 'വാണിജ്യ കെട്ടിടം' എന്ന ഉപയോഗ ക്രമത്തിൽ അനുവദിച്ച നമ്പറിൽ(നം.III/846)തന്നെയാണ് ആ ഭാഗവും ഉൾപ്പെടുത്തിയിരിക്കുന്നത്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും)ചട്ടങ്ങൾ, ചട്ടം 3(4) പ്രകാരം കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ഉപയോഗത്തിനായി നീക്കിവെച്ചിട്ടുണ്ടെങ്കിൽ, ആ ഭാഗത്തിന്റെ വിസ്തീർണ്ണം ആനുപാതികമായി മറ്റു ഭാഗങ്ങളുടെ വിസ്തീർണ്ണത്തോട് കൂട്ടിചേർത്ത് നികുതി നിർണ്ണയിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്.
പ്രസ്തുത അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റന്വേഷണത്തിന് (നം.14 തീയതി.19-09-17), 2011 കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണചട്ടങ്ങൾ, ചട്ടം 8 a(v) പ്രകാരം പാർക്കിംഗിനുപയോഗിക്കുന്ന സ്ഥലവും ചട്ടം 2(p) പ്രകാരം കോണിപ്പടികളും വസ്തുനികുതിയിൽനിന്ന് ഒഴിവാക്കിയെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ വസ്തുനികുതി ഈടാക്കേണ്ടത് 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും)ചട്ടങ്ങൾ പ്രകാരമാണെന്നതിനാൽ ടി മറുപടി പരിഗണനാർഹമല്ല. ആയതിനാൽ ഒഴിവാക്കിയ ഭാഗങ്ങളുടെ വിസ്തീർണ്ണങ്ങൾകൂടി ഉൾപ്പെടുത്തി നികുതി പുനർനിർണ്ണയിച്ച് തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## **2-4** ഇ- ടെണ്ടർ മുഖേനയുള്ള മരാമത്തുപ്രവൃത്തികളുടെ ടെണ്ടർ ഫാറം വില , വാറ്റ് തുക , ഗ്രാമപഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല

ഇ- ടെണ്ടർ ക്ഷണിച്ച മരാമത്തുപ്രവൃത്തികളുടെ ടെണ്ടർ ഫാറം വിലയായ 22,500/-രൂപ, വാറ്റ് ഇനത്തിൽ ലഭിച്ച 1,135 /-രൂപ എന്നീ തുകകൾ കൊല്ലം ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് ഒടുക്കിയിട്ടുള്ളത്. ടി തുക ഗ്രാമപഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ലാത്തതിനാൽ ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വാറ്റ് ഇനത്തിൽ ഈടാക്കിയിട്ടുള്ള തുക സർക്കാരിലേയ്ക്ക് ഒടുക്കവരുത്തേണ്ടതുമാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ആസ്തിരജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിയ്ക്കുന്നില്ല –M-Asset മൊബൈൽ ആപ്ലിക്കേഷനിലേയ്ക്കുള്ള ആസ്തി വിവരങ്ങൾ ശേഖരിക്കുന്നതിന് നടപടികൾ ആരംഭിച്ചില്ല

ഗ്രാമപഞ്ചായത്തിലെ ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെ കൃത്യതയ്ക്ക് ആസ്തികളുടെ പൂർണ്ണമായവിവരം ആവശ്യമാണ്. ആസ്തികളുടെ സംരക്ഷണത്തിന് ഫണ്ട് അനുവദിക്കുന്നതും ആസ്തിരജിസ്റ്ററിലെ വിവരങ്ങളെ ആധാരമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈ കാരണങ്ങളാൽ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലകാലങ്ങളിലെ മാറ്റങ്ങളുംകൂടി ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതായുണ്ട്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൽ.എസ്.ജി.ഡി എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്.

ആസ്തി രജിസ്റ്ററിൽ മാറ്റങ്ങൾ/കൂട്ടിചേർക്കലുകൾ വരുത്തി കുറ്റമറ്റതാക്കി പരിഷ്കരിക്കേണ്ട ചുമതല തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഓരോ സാമ്പത്തികവർഷത്തിന്റെയും ആരംഭത്തിൽ മുൻവർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹറിപ്പോർട്ട് ഭരണസമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ സർക്കാർ സർക്കുലറിൽ(തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ 58608/ഡി.ബി2/09 ) നിഷ്കർഷിച്ചിട്ടുള്ളതാണ്. ഗ്രാമപഞ്ചായത്തിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കിയോ, കൃത്യമായ രേഖപ്പെടുത്തലുകളൊ വരുത്തി സെക്രട്ടറിയും എൽ.എസ്.ജി.ഡി എൻജിനീയറും സാക്ഷ്യപ്പെടുത്തുന്നില്ല. പുറമ്പോക്കുരജിസ്റ്ററും പാലിക്കാത്തതിനാൽ ഗ്രാമപഞ്ചായത്ത് ഭൂമി സംബന്ധിച്ച എല്ലാ വിവരങ്ങളും നിലവിലെ ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

രാജ്യത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും സ്ഥിതിചെയ്യുന്ന സ്ഥാവരആസ്തികളുടെ കണക്കെടുക്കുന്നതിനും ആയവ മൊബൈൽ ഫോൺവഴി ജി.ഐ.എസ്.മാപ്പിംഗ് നടത്തുന്നതിനും കേന്ദ്രപഞ്ചായത്തീരാജ് മന്ത്രാലയം ‘M-Asset’എന്ന മൊബൈൽ ആപ്ലിക്കേഷൻ വിന്യസിക്കുകയും ആയത് ഉടൻ ആരംഭിക്കണമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ, ആസ്തികളുടെ മാപ്പിംഗ് 20.04.2016 –ന് മുമ്പായി പൂർത്തിയാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ 21.03.2016 ന്

ജെ1/37630/15 ഉത്തരവ് പുറപ്പെടുവിച്ചു.2016 മാർച്ച് മാസംവരെ വാങ്ങിയതോ , നിർമ്മിച്ചതോ , വിട്ടുകിട്ടിയതോ ആയ ആസ്തികളുടെ വിവരങ്ങൾ സചിത്ര സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുകയും ടി വിവരങ്ങൾ സംസ്ഥാനതലത്തിൽ ലഭ്യമാക്കുന്നതിനും വരുംവർഷങ്ങളിൽ വെബ് ആപ്ലിക്കേഷനിൽ അപ്ഡേറ്റ് ചെയ്യുന്നതിനും , ഇതിന്റെ പൂർത്തികരണത്തിന് സെക്രട്ടറി,ഐ.കെ.എം.ടെക്നിക്കൽ അസിസ്റ്റന്റ്,എൽ.എസ്.ജി.ഡി എ.ഇ.എന്നിവർക്കുള്ള ചുമതലകൾ ഐ.കെ.എം.ഡയറക്ടറുടെ 09.06.2016- ലെ 223/LOBE/IKM/2016 കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ പ്രാഥമികമായ നടപടികൾ ഒന്നും പാലിച്ചിട്ടില്ല. മൊബൈൽ ഫോൺ മാപ്പിംഗ് നടത്തുന്നതിന് പ്രത്യേക സ്പെസിഫിക്കേഷൻ ഉള്ള ഫോൺ വാങ്ങുന്നതിന് 10,000/-രൂപയിൽ കവിയാത്ത ചെലവനുവാദം തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പിന്റെ സ.ഉ(സാധാ)നം.2904/16/19.10.2016 നമ്പരിൽ പുറപ്പെടുവിച്ചുവെങ്കിലും നാളിതുവരെ പ്രാരംഭനടപടികൾ ആരംഭിച്ചില്ല.ആസ്തി രജിസ്റ്റർ, സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പരിപാലിയ്ക്കുന്നതിനും M-Asset മൊബൈൽ ആപ്ലിക്കേഷനിലേയ്ക്ക് ശേഖരിക്കുന്ന വിവരങ്ങൾ, റവന്യു രേഖകളുമായി പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തിമാത്രമെ 'port'ചെയ്യുന്നുവെന്നതും സ്ഥാപനമേധാവി ഉറപ്പ് വരുത്തേണ്ടതാണ്. ടി വിഷയത്തിൽ അടിയന്തിരനടപടികൾ കൈക്കൊള്ളേണ്ടതും കൃത്യമാക്കിയ ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-2 മരുന്നുകൾ പൂർണ്ണമായി ലഭ്യമാക്കിയിട്ടില്ല

1. മെഡിക്കൽ ഓഫീസർ (ആയുർവേദം) നിർവ്വഹണം നടത്തിയ "ഗവൺമെന്റ് ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ" പദ്ധതിപ്രകാരം മരുന്നുവാങ്ങുന്നതിനായി ഔഷധിയിൽ 3,00,000/- രൂപ മുൻകൂറായി നിക്ഷേപിച്ചിരുന്നുവെങ്കിലും മരുന്നുകൾ ഇനിയും ലഭ്യമാകാൻ ശേഷിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റിന്റെ വിവരം | നിക്ഷേപിച്ച തുക, സ്ഥാപനം | ഡി.ഡി.നം, തീയതി | ലഭ്യമാക്കിയ മരുന്നുകളുടെ വില | ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില |
|---|---|---|---|---|
| ആയുർവേദ | 3,00,000/- | 970207 | 2,54,073/- | 45,927/- |

| | | | | |
|---|---|---|---|---|
| ആശുപത്രി മരുന്ന വാങ്ങൽ, നം. S0019/17 | (ഔഷധി) | തീയതി 29-11-16 | | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/15.09.17) മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടി തുടർന്നുവരുന്നു എന്നറിയിക്കുന്നു. എന്നാൽ നാളിതുവരെ 45,927/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. ആയതിനാൽ 45,927/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

മരുന്ന് ലഭ്യമാക്കുവാൻ സത്വരനടപടികൾ സ്വീകരിച്ച് മരുന്ന് ലഭ്യമാകുന്നമുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിച്ച് 45,927/- രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

2. മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണം നടത്തിയ "ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ" പദ്ധതിക്ക് (നം.S0033/17) പ്രകാരം മരുന്നുവാങ്ങുന്നതിനായി ഹോംകോയുടെ മോനേജിംഗ് ഡയറക്ടറുടെ പേരിലുള്ള 34306403911 നമ്പർ SBI അക്കൗണ്ടിലേക്ക് 50,000/- രൂപ 27.02.17-ൽ നിക്ഷേപിച്ചുവെങ്കിലും നാളിതുവരെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/15.09.17) മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടി തുടർന്നുവരുന്നു എന്നറിയിക്കുന്നു. ആയതിനാൽ 50,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

മരുന്ന് ലഭ്യമാക്കുവാൻ സത്വരനടപടികൾ സ്വീകരിച്ച് മരുന്ന് ലഭ്യമാകുന്നമുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിച്ച് 50,000/- രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-3 പൊതുടാപ്പുകളുടെ വെള്ളക്കരം - സംയുക്തപരിശോധന നടത്തിയിട്ടില്ല.

2015-2016, 2016-17 സാമ്പത്തികവർഷങ്ങളിൽ പൊതുടാപ്പുകളുടെ വെള്ളക്കരമായി മെയിന്റനൻസ് ഗ്രാന്റ് റോഡിതരത്തിൽനിന്നും 16,74,756/-രൂപവീതം ചെലവുചെയ്തിട്ടുണ്ട്. 319 ടാപ്പുകൾക്ക് 5,250/-രൂപ പ്രതിവർഷം എന്ന ക്രമത്തിലാണ് മേൽതുക ഈടാക്കിയിട്ടുള്ളത്. ജി. ഒ (ആർ ടി) 2242/2011/ത.സ്വ.ഭ.വ തീയതി 28.09.2011 പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വാട്ടർ അതോറിറ്റി-യുമായി സംയുക്തപരിശോധന നടത്തി ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തി രജിസ്റ്റർ പരിപാലിക്കണമെന്ന് വ്യവസ്ഥചെയ്യുന്നു.

നിലവിൽ പൊതുടാപ്പുകളുടെ ഉപയോഗം കുറവായതിനാൽ പൊതുടാപ്പുകളുടെ സംയുക്തപരിശോധന നടത്തണമെന്ന് 21.10.16 ജനറൽ കമ്മറ്റി 7(10)-ാം നമ്പർ പ്രകാരം തീരുമാനിച്ചു. എന്നാൽ നാളിതുവരെ സംയുക്തപരിശോധന നടത്തിയിട്ടില്ല. പൊതുടാപ്പുകൾ ഉപയോഗപ്പെടുത്തുന്നവരുടെ എണ്ണം ഗണ്യമായി കുറഞ്ഞിട്ടും പൊതുടാപ്പുകളുടെ വെള്ളക്കരത്തിൽ കുറവുണ്ടാകാത്തത് പരിശോധിക്കപ്പെടേണ്ടതാണ്. സംയുക്തപരിശോധനയ്ക്ക് വേണ്ട അടിയന്തിരനടപടികൾ സ്വീകരിച്ച് വെള്ളക്കരം ക്രമീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-4 <u>ഫണ്ടുകളുടെ വിനിയോഗത്തിൽ വീഴ്ച **-1,25,50,306/-** ചെലവഴിക്കപ്പെട്ടിട്ടില്ല</u>

വികസനപദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി വിവിധ ഗ്രാന്റിനങ്ങളിൽ അനുവദിച്ച് നല്കിയ തുകകൾ വിനിയോഗിക്കാതിരുന്നതുമൂലം ഗ്രാമപഞ്ചായത്തിന് തൻവർഷം 1,25,50,306/- രൂപ നഷ്ടപ്പെട്ടു.

സാമൂഹികനീതിയും സാമ്പത്തികവികസനവും ലക്ഷ്യമാക്കിയുള്ള വിവിധ പദ്ധതികൾക്കായി ഗ്രാമപഞ്ചായത്തിന് തൻവർഷം സർക്കാർ അനുവദിച്ച് നൽകിയ ഗ്രാന്റുകളുടേയും ഫണ്ടുകളുടേയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഫണ്ടിനം | അനുവദിച്ച തുക | ചെലവഴിച്ച തുക | ചെലവഴിക്ക-പ്പെടാത്തതിനാൽ നഷ്ടമായ തുക |
|---|---|---|---|---|
| 1 | വികസന ഫണ്ട് (പൊതു വിഭാഗം) | 1,31,83,148 | 99,58,178 | 32,24,970 |
| 2 | വികസന ഫണ്ട് (പ്രത്യേക ഘടക പദ്ധതി) | 79,82,292 | 79,54,747 | 27,545 |
| 3 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 73,92,936 | 51,32,718 | 22,60,218 |
| 4 | കെ.എൽ.ജി.എസ്.ഡി.പി. | 40,20,601 | 1,12,790 | 39,07,811 |
| 5 | മെയിന്റനൻസ്ഗ്രാന്റ് (റോഡിതരം) | 37,69,362 | 33,67,485 | 4,01,877 |
| 6 | മെയിന്റനൻസ് | 71,59,917 | 44,32,032 | 27,27,885 |

| | | | | |
|---|---|---|---|---|
| | ഗ്രാന്റ്(റോഡ്) | | | |
| ആകെ | | | | 1,25,50,306 |

സർക്കാരിൽനിന്ന് ലഭ്യമായ ഗ്രാന്റുകൾ വിനിയോഗിക്കുവാൻ സാധ്യമാകുംവിധത്തിൽ വാർഷികപദ്ധതി തയ്യാറാക്കി ഫണ്ടുകൾ വകയിരുത്തിയെങ്കിലും പദ്ധതിനിർവ്വഹണത്തിലെ വീഴ്ചകൾമൂലമാണ് 1,25,50,306/-രൂപ ചെലവഴിക്കാൻ കഴിയാതെവന്നത്. 1994 ലെ കേരള പഞ്ചായത്തീരാജ് നിയമങ്ങളിൽ പ്രതിപാദിക്കുംപ്രകാരം വികേന്ദ്രീകൃതാസൂത്രണത്തിന്റെ സത്തയുൾക്കൊണ്ട് വികസനപദ്ധതികൾ ആവിഷ്കരിക്കുവാനും, ബജറ്റ് തയ്യാറാക്കുവാനും ലഭ്യമായ ഫണ്ടുകൾ ഫലപ്രദമായി വിനിയോഗിച്ച് സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കുവാനും , സർക്കാർ അനുവദിച്ചുനൽകുന്ന ഫണ്ടുകൾ ധനവിനിയോഗ മാർഗരേഖകളിലെ നിർദ്ദേശങ്ങൾപാലിച്ച് ചെലവഴിക്കുവാനും ശേഷിക്കുന്ന ഫണ്ടുകൾ വിനിയോഗിക്കുന്നതിന് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കനുസൃതമായി പദ്ധതികൾ ആവിഷ്കരിക്കുവാനും ഉദ്യോഗസ്ഥരും ഭരണ സമിതിയും കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതാണ്.

## 3-5 <u>പട്ടികജാതി വിദ്യാർത്ഥികൾക്കുവേണ്ടി വാങ്ങിയ മേശയ്ക്കും, കസേരയ്ക്കും അധികം തുക നൽകിയത് നിരാകരിക്കുന്നു</u>

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ “പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ” എന്ന പ്രോജക്ടിൽ (S005/17) സ്പെസിഫിക്കേഷനിൽ പറയാത്തതും, കൂടിയനിരക്കിൽ ക്വാട്ട് ചെയ്തതുമായ സ്ഥാപനത്തിൽ നിന്നും 203 മേശയും, കസേരയും വാങ്ങി പട്ടികജാതി വിദ്യാർത്ഥികൾക്കു നൽകി.

Table-steel study table 36"x18"x30"20(g)one drawer and cupboard with NovaponTop, Chair-steel study chair20(g)എന്നതായിരുന്നു സ്പെസിഫിക്കേഷൻ. ടെൻഡറിൽ പങ്കെടുത്ത ശബരി സ്റ്റീൽ ഇൻഡസ്ട്രീസ്, കൊട്ടാരക്കര മാത്രമാണ് steel study table 36"x18"x30"20(g)one drawer and cupboard with NovaponTop -Rs.1,648/-എന്ന ഐറ്റത്തോട് steel study table powder coated36"x18"x30"20(g)one drawer and cupboard with NovaponTop-Rs.1,849/- എന്ന ഐറ്റം ക്വാട്ട്ചെയ്തത്. ബാക്കി സ്ഥാപനങ്ങളായ ഗ്രീൻലൈൻ ഏജൻസിസ് ചാത്തന്നൂർ, പി.ജി.കെ.ഇൻഡസ്ട്രീസ് ചാത്തന്നൂർ എന്നീ സ്ഥാപനങ്ങൾ steel study table powder coated36"x18"x30"20(g)one drawer and cupboard with Novapon Top എന്ന ഐറ്റം ക്വാട്ട് ചെയ്തിട്ടില്ല. മാത്രവുമല്ല ശബരിസ്റ്റീൽ

ഇൻഡസ്ട്രീസ് ആണ് മറ്റു സ്ഥാപനത്തെക്കാൾ steel study table 36"x18"x30"20(g) one drawer and cupboard with NovaponTop എന്ന ഐറ്റം കുറഞ്ഞ തുക ക്വാട്ട് ചെയ്തിട്ടുള്ളത്.

ശബരി സ്റ്റീൽ ഇൻഡസ്ട്രീസ് കൊട്ടാരക്കര മാത്രമാണ് Steelchair with arm back and seat cushion -Rs.760/-എന്ന ഐറ്റത്തോട് Steelchair with arm back and seat cushion (bigsize)-Rs.1,100/- എന്ന ഐറ്റം ക്വാട്ട്ചെയ്തത്. ബാക്കി സ്ഥാപനങ്ങളായ ഗ്രീൻലൈൻ ഏജൻസിസ്, ചാത്തന്നൂർ, പി.ജി.കെ.ഇൻഡസ്ട്രീസ്, ചാത്തന്നൂർ എന്നീ സ്ഥാപനങ്ങൾ Steelchair with arm back and seat cushion (bigsize)എന്ന ഐറ്റം ക്വാട്ട് ചെയ്തിട്ടില്ല. മാത്രവുമല്ല ശബരിസ്റ്റീൽ ഇൻഡസ്ട്രീസ് ആണ് മറ്റു സ്ഥാപനത്തെക്കാൾ Steelchair with arm back and seat cushion എന്ന ഐറ്റം കുറഞ്ഞ തുകയ്ക്ക് ചെയ്തിട്ടുള്ളത്.

എന്നാൽ സ്പെസിഫിക്കേഷനിൽ പറയാത്ത കൂടിയ നിരക്കിലുള്ള ഐറ്റം വാങ്ങി അധികം തുക ചെലവഴിച്ചതായി പരിശോധനയിൽ കണ്ടു. വിശദവിവരം താഴെ പറയുന്നു.

| ഐറ്റം | ഇൻവോയ്സ് നം. | നല്കിയ തുക | നൽകേണ്ട തുക | അധികം നൽകിയ തുക |
|---|---|---|---|---|
| steel study table POWDER COATED 36"x18"x30"20(g) one drawer and cupboard with NovaponTop | ശബരിസ്റ്റീൽ ഇൻഡസ്ട്രീസ് 85/25.03.17 99/29.03.17 | 1,849x100= 1,84900/- 1,849x103= 1,90,447/- | | 3,75,347-3,34,544= 40,803/- |
| steel study table 36"x18"x30"20(g)one drawer and cupboard with NovaponTop | | -------------- | 16,48X203= 3,34,544/- | |
| Steelchair with arm back and seatcushion (bigsize) | ശബരിസ്റ്റീൽ ഇൻഡസ്ട്രീസ് 85/25.03.17 99/29.03.17 | 1,100x100= 1,10,000/- 1,100x103= 1,13,300/- | | 2,23,300-1,54,280= 69,020/- |

| | | | | |
|---|---|---|---|---|
| Steelchair with arm back and seatcushion | | ---------------- | 760x203= 1,54,280/- | |
| ആകെ | | 59,86,47/- | 4,88,824/- | 1,09,823/- |

തീരുമാനംനം.v(2)/27.02.17 പ്രകാരം ശബരി സ്റ്റീൽ ഇൻഡസ്ട്രീസ്, കൊട്ടാരക്കര എന്ന സ്ഥാപനത്തിന് കൂടിയനിരക്കിലുള്ള ടെൻഡർ അംഗീകരിച്ച് നൽകിയിട്ടുണ്ട്. സ്പെസിഫിക്കേഷനിൽ പറയാത്തതും, കൂടിയനിരക്കിലുള്ള മേശയും, കസേരയും വാങ്ങിയതു വഴി 1,09,823/-രൂപ അധികം ചെലവാക്കിയതിന്റെ ഉത്തരവാദിത്തം 27.02.17-ൽ കൂടിയ കമ്മിറ്റി അംഗങ്ങൾക്കും, അസിസ്റ്റന്റ് സെക്രട്ടറിയ്ക്കുമാണ്. ആയതിനാൽ അധികം ചെലവഴിച്ച 1,09,823/-രൂപ കമ്മിറ്റി അംഗങ്ങളിൽനിന്നും അസിസ്റ്റന്റ് സെക്രട്ടറിയിൽനിന്നും തുല്യമായി ഈടാക്കി തിരികെ ഒടുക്കേണ്ടതാണ്.

## 3-6 ഷീ പാഡ്പ്രോജെക്ട് പ്രവർത്തനം തുടങ്ങിയില്ല.

ബിൽനം:13/13.03.17:114116/-രൂപ

നിർവ്വഹണ ഉദ്യോഗസ്ഥ: ഐ.സി.ഡി.എസ്.സൂപ്പർവൈസർ

പെൺകുട്ടികൾ അനുഭവിക്കുന്ന മാനസിക സമ്മർദങ്ങൾക്ക് ഒരു പരിധിവരെ പരിഹാരമാർഗ്ഗമെന്നനിലയിൽ കേരള വനിതാവികസനകോർപ്പറേഷൻ ആരംഭിച്ച ഷീ പാഡ് എന്ന പദ്ധതിയുടെ ഭാഗമായി പൂതക്കുളം പഞ്ചായത്തില സ്കൂളുകളിലെ പെൺകുട്ടികൾക്ക് നാപ്കിനുകളും, ഇൻസിനേറ്ററുകളും, അലമാരകളും വാങ്ങുന്നതിനു (പ്രോജെക്ട്(102/17) ) കേരള വനിതാവികസനകോർപ്പറേഷന് (a/cno.35810483408) 1,14,116/-രൂപ നൽകിയെങ്കിലും നാളിതുവരെ നാപ്കിനുകളും, ഇൻസിനേറ്ററുകളും, അലമാരകളും ലഭ്യമായി പ്രവർത്തനം ആരംഭിച്ചിട്ടില്ല.

ചെമ്പകശ്ശേരി. യു .പി.എസ് -101,
പൂതക്കുളം, ഗവ.എച്ച്.എസ്.എസ്.-250,

കലയ്ക്കോട് യു.പി.എസ്-44 എന്നീ സ്കൂളുകളിലെ 395 പെൺകുട്ടികൾക്ക് വേണ്ടി ആകെ ചെലവിന്റെ 2,28,232/- രൂപയുടെ 50% തുകയായ 1,14,116/-രൂപ നല്കിയിരിക്കുന്നത്.

02.09.17-ൽ കോർപ്പറേഷനുമായി ഏർപ്പെട്ട കരാർപ്രകാരം 30 ദിവസത്തിനുള്ളിൽ വർക്ക് ഓർഡർ നൽകണമെന്നാണ്. എന്നാൽ വർക്ക് ഓർഡർ

നൽകി കാണുന്നില്ല. വർക്ക് ഓർഡർനൽകി പദ്ധതി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർ പ്രവർത്തനങ്ങളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. 2017ഒക്ടോബർ 15-ന് മെഷീനുകൾ സ്ഥാപിച്ച് പ്രവർത്തനം തുടങ്ങാൻ കഴിയുമെന്ന് കോർപ്പറേഷൻ അറിയിച്ചിട്ടുണ്ടെന്നാണ് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(11/18.09.17) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നല്കിയിട്ടുള്ളത്. പദ്ധതി ആരംഭിച്ച് പ്രവർത്തന ക്ഷമമാകുന്നതുവരെ ചെലവഴിച്ച 1,14,116/-രൂപ തടസത്തിൽ വയ്ക്കുന്നു.

## 3-7 <u>വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല- **23,83,088/-**രൂപ തടസത്തിൽ വയ്ക്കുന്നു</u>

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

| പ്രൊജക്ടിന്റെ പേര്, നം | ബിൽനം: രൂപ | ആർക്കു നൽകി | ആകെ ചെലവ് (രൂപ ) |
|---|---|---|---|
| പി.എം.വൈ വിഹിതം നൽകൽ (12/17) (ജനറൽ) | 21/4.3.17: 1,20,000/- | ഇത്തിക്കര ബ്ലോക് സെക്രട്ടറി | 1,20,000/- |
| പി.എം.വൈ വിഹിതം നൽകൽ (13/17)(എസ് .സി.പി) | 14/17.01.17: 2,00,000/- | ഇത്തിക്കര ബ്ലോക് സെക്രട്ടറി | 2,00,000/- |
| ഐ.എം.എ.വൈ .അധികം വിഹിതം നൽകൽ(115/17) | 18/28.02.17: 7,00,000/- | ഇത്തിക്കര ബ്ലോക് സെക്രട്ടറി | 7,00,000/ (28പട്ടിക ജാതി കുടുംബാംഗങ്ങൾക്ക്) |
| എസ് .എസ് .എം.പ്രവർത്തനങ്ങൾക്ക് സംഭാവന (18/17) | 14/17.01.17: 4,00,000/- | സാമൂഹിക സുരക്ഷാ മിഷൻ ഡയറക്ടർ | 4,00,000/- |
| വികലാംഗർക്കു വാഹനം വാങ്ങുന്നതിനു വിഹിതം നൽകൽ (69/17) | 13/23.12.16: 1,00,000/- | ജില്ലാ പഞ്ചായത്ത് സെക്രട്ടറി കൊല്ലം | 1,00,000/- |
| പൈപ്പ് ലൈൻ എക്സ്റ്റൻഷൻ ,കണക്ഷൻ(109/17) | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ.ഡബ്ല്യൂ.എ. പി.എച്.ഡിവിഷൻ കൊല്ലം | 8,00,000/- |

| | | | |
|---|---|---|---|
| ഐ.കെ.എം. വിഹിതം നൽകൽ.(140/17) | 31/27.03.17: 63,088/- | ഐ.കെ.എം.ഡയറക്ടർ | 63088/- |
| ആകെ | | | 23,83,088/- |

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ 23,83,088/-രൂപ തടസ്സത്തിൽവയ്ക്കുന്നു. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി(16/20.09.17) നല്കിയിട്ടുള്ളതാണ്. എന്നാൽ നിർവ്വഹണഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല.

## **3-8** ഭൂമിവാങ്ങി നൽകൽ പ്രോജെക്ടുകളിൽ ബാധ്യതരഹിതസർട്ടിഫിക്കറ്റുകൾ വാങ്ങിയില്ല

സ്പിൽ ഓവർ പ്രോജെക്റ്റ്

എസ്.സി.പി.ഫണ്ട്:4,50,000/- രൂപ

ബിൽനം :16/16.12.16:1,50,000/- രൂപ

:41`/30.03.17:3,00,000/- രൂപ

പുതിയ പ്രോജക്റ്റ്

എസ്.സി.പി.ഫണ്ട്:28,50,000/- രൂപ

ബിൽനം :23/23.02.17:150,000/- രൂപ

:25/27.02.17:150,000/- രൂപ

:29/17.03.17:150000/-രൂപ

:36/29.03.17:7,50000/-രൂപ

:43/30.03.17:16,5000/-രൂപ

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ഭൂമി വാങ്ങി നൽകൽ സ്പിൽ ഓവർ പ്രോജെക്റ്റ്(SO34/17), പുതിയ പ്രോജെക്റ്റ് (SO6/17) എന്നീ പ്രോജെക്ടുകളിൽ ഗുണഭോക്താക്കൾക്കു വാങ്ങിനൽകിയ താഴെപ്പറയുന്ന സർവ്വേനമ്പറിൽപ്പെട്ട വസ്തുക്കളിൽ ബാധ്യത ഉണ്ടോ എന്ന് പരിശോധിക്കാതെയാണ് ഭൂമി വാങ്ങി നല്കിയിരിക്കുന്നത്.

| ക്രമ നം. | എഴുതി നൽകിയ വ്യക്തി, സർവ്വേനം | വാങ്ങിയ ഗുണഭോക്താവ്, മേൽവിലാസം | ഏരിയ | തുക (രൂപ) |
|---|---|---|---|---|
| 1 | സജീവ്-ബിന്ദു തെക്കേവിളവീട്ടിൽ | സുജാത, മാവിളവീട്ടിൽ പൂതക്കുളം | 1.2ആർ | 1,50,000/- |

| | | | | |
|---|---|---|---|---|
| | പൂതക്കുളം,188-3-2-4,1-5 | | | |
| 2 | സജീവ്-ബിനു തെക്കേവിളവീട്ടിൽ പൂതക്കുളം,188-3-2-4 | സിന്ധു, തോട്ടിൻകരത്തേക്കത്തിൽ പുത്തൻകുളം | ,, | 1,50,000/- |
